ക്ലമാന്റ് ഏരിയയ്ക്ക് ജലം നല്കുന്നതിന് ഒരു അന്തർ സംസ്ഥാന നദീജല കരാറിൽ ഏർപ്പെടുന്നത് അഭികാമ്യമല്ല എന്നാണ് കമ്മിറ്റി അഭിപ്രായപ്പെട്ടത്. കരാർ ഇല്ലാതെ വില ഈടാക്കി നല്കുന്ന നെയ്യാർ ജലത്തിനുമേൽ തഴ്നാടിന് അവകാശവാദം നിയമപരമായി ഉന്നയിക്കാൻ സാധിക്കുമെന്ന് കരുതുന്നില്ല.

(സി) പുനഃപരിശോധിച്ചു വരുന്നു.

പൂർത്തിയായിട്ടില്ലാത്ത ജലവിഭവ പദ്ധതികളുടെ പൂർത്തീകരണം

6 (3948) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലമായി ഇഴഞ്ഞു നീങ്ങുന്ന ജലസേചന പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം ജലസേചന പദ്ധതികൾ അതിവേഗം പൂർത്തീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ അതിവേഗം പണി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികളെടുത്ത കോൺട്രാക്ടർമാർക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ നൽകുകയുണ്ടായോ ;

(ഡി) എ. ഡി. ബി. വായ്പിൽ നിന്നും ഇതിനായി എന്തു തുക വിനിയോഗിക്കുവാൻ തീരുമാനിക്കുകയുണ്ടായി; ഇതിനകം എന്തു തുക വിനിയോഗിക്കുകയുണ്ടായി ;

(ഇ) പ്രസ്തുത ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് മൊത്തം എന്തു തുക ഇനിയും ചെലവ് പ്രതീക്ഷിക്കുന്നു. ഈ വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ഇതിൽ എന്തു തുക ചെലവാക്കുകയുണ്ടായി ; മുൻവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവാക്കിയ തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉവ്വ്.

(ബി) പഴശ്ശി, കാഞ്ഞിരപ്പുഴ, മൂവാറ്റുപ്പുഴ എന്നീ പദ്ധതികൾ 2004-ലും, കാരാപ്പുഴ 2005-ലും ഇടമലയാർ പദ്ധതി 2007-ലും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)

ക്രമ നം.	പദ്ധതികൾ	ബഡ്ജറ്റ് തുക (ലക്ഷത്തിൽ)		ചെലവഴിച്ച തുക (ലക്ഷത്തിൽ)		അധികമായി വേണ്ടി വരുന്ന തുക (ലക്ഷത്തിൽ)
		2002-03/2003-04		2002-03/2003-04		
1	കല്ലട					
2	പഴശ്ശി	1200	1400	658.04	34.12(പഴശ്ശി)	—
3	കാഞ്ഞിരപ്പുഴ				44.99 (കാഞ്ഞിരപ്പുഴ)	
4	കാരാപ്പുഴ	2900	800	1099.63	42.15	630
5	മൂവാറ്റുപ്പുഴ	3500	4800	3453.74	313.71	2300
6	ഇടമലയാർ	500	700	1330.92	121.47	...

നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ

9 (3949) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യം വികസന നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ സംസ്ഥാനത്ത് ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. തൃത്താലയിലെ റഗുലേറ്റർ-കം-ബ്രിഡ്ജ് (വെള്ളിയാം കല്ല് കോസ്വേ) നബാർഡ് ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ്. കാരാപ്പുഴ പദ്ധതി, പഴശ്ശി പദ്ധതി, കാഞ്ഞിരപ്പുഴ പദ്ധതി എന്നിവ നേരത്തെ നബാർഡിന്റെ ധനസഹായം ലഭ്യമാക്കി നടപ്പിലാക്കിയ പദ്ധതികളായിരുന്നു. ഈ മൂന്ന് പദ്ധതികൾക്കും നിലവിൽ സഹായമില്ല.

ചെറുകിട ജലസേചന വിഭാഗത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ എല്ലാ ജില്ലകളിലുമായി 1995-96 മുതൽ 2002-03 വരെ (RIDFI to RIDF VIII) 697 പദ്ധതികൾ ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly